ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:15.08.2025**

## പ്രധാനവാർത്തകൾ

1. 79-ാമത് സ്വാതന്ത്ര്യദിനാഘോഷത്തിന്റെ നിറവിൽ രാജ്യം. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി. രാജ്യ സുരക്ഷക്കും വികസനത്തിനുമായി പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു.

2. സംസ്ഥാനത്ത് സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി. മഹാത്മാഗാന്ധിയുടെ ദർശനങ്ങൾ മുറുകെപ്പിടിച്ചുള്ള കൂട്ടായ പോരാട്ട ഫലമാണ് ഇന്ത്യയ്ക്ക് ലഭിച്ച സ്വാതന്ത്ര്യമെന്ന് മുഖ്യമന്ത്രി.

3. ഐ.എസ്.ആർ.ഒ-യുടെ 56-ാമത് സ്ഥാപക ദിനം ഇന്ന്. ഇന്ത്യൻ ബഹിരാകാശ ഗവേഷണ മേഖലയുടെ മുന്നേറ്റത്തിന് ഐ.എസ്.ആർ.ഒ-യുടെ പങ്ക് നിസ്തുലം.

4. ജമ്മു കശ്മീരിലെ കിഷ്ത്വാവറിൽ ഉണ്ടായ മേഘ വിസ്ഫോടനത്തിൽ രണ്ട് സിഐഎസ്എഫ് ജവാന്മാർ ഉൾപ്പടെ 45 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു.

5. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യത. നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

RNUTVPM

## 6. കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിന് മുന്നോടിയായുള്ള സൗഹൃദ മത്സരം ഇന്ന് തിരുവനന്തപുരത്ത് നടക്കും

***************************

പ്രധാനമന്ത്രി- സ്വാതന്ത്ര്യദിനം (ഇൻട്രോ)

രാജ്യം 79-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി. പ്രതിരോധ സംവിധാനം ശക്തിപ്പെടുത്തുന്നതിന് മിഷൻ സുദർശൻ ചക്ര ആരംഭിക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. പഹൽഗാം ഭീകരാക്രമണത്തിൽ തിരിച്ചടി നല്കാൻ ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രയത്നിച്ച എല്ലാ സേനാംഗങ്ങൾക്കും പ്രധാനമന്ത്രി അഭിവാദ്യം അർപ്പിച്ചു.

(ഹോൾഡ് വോയ്സ്)

രാജ്യത്തിൻറെ ആണവശേഷി പത്തിരട്ടി വർധിച്ചതായി പറഞ്ഞ പ്രധാനമന്ത്രി യുവാക്കൾ സ്ത്രീകൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളെയും ഒന്നിച്ച് കൊണ്ടുപോകാൻ സാധിച്ചെന്നും വ്യക്തമാക്കി. നാരി ശ്കതി ഉറപ്പ് വരുത്താനും മികച്ച പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്

(ഹോൾഡ് വോയ്സ്)

ബഹിരാകാശ മേഖലയിൽ വലിയ നേട്ടം രാജ്യം കൈവരിച്ചു. ഗഗൻയാൻ ദൗത്യത്തിനായുള്ള തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു. ഇതോടൊപ്പം, ഭാവിയിൽ സ്വന്തമായി ബഹിരാകാശ നിലയം നിർമിക്കുകയെന്ന ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. ഭരണം നവീകരണത്തിനും ലക്ഷ്യമിട്ട് പ്രത്യേക പരിഷ്കരണ കർമസേന രൂപീകരിക്കുമെന്ന് ശ്രീ. മോദി പ്രഖ്യാപിച്ചു. 10 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ എന്ന ലക്ഷ്യം കൈവരിക്കാൻ ഈ കർമസേന രാജ്യത്തെ സജ്ജമാക്കും. മുദ്രവിഭവങ്ങൾ

RNU TVPM

പ്രയോജനപ്പെടുത്തുന്നതിനായി ദേശീയ ആഴക്കടൽ പര്യവേക്ഷണ ദൗത്യത്തിനും തുടക്കം കുറിക്കും. രാജ്യത്ത് സ്വന്തമായി ജെറ്റ് എഞ്ചിനുകൾ നിർമ്മിക്കാൻ കഴിയണമെന്നും, ശാസ്ത്രജ്ഞരും യുവാക്കളും ഇതൊരു വെല്ലുവിളിയായി ഏറ്റെടുക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

*****************************

## സ്വാതന്ത്ര്യദിനം- രാഷ്ട്രപതി

രാജ്യത്തിൻറെ വികസനത്തിന് യുവാക്കളും സ്ത്രീകളും ന്യൂനപക്ഷ വിഭാഗങ്ങളും നിർണ്ണായക പങ്ക് വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി ഇന്നലെ രാഷ്ട്രപതി രാജ്യത്തെ ജനങ്ങളെ അഭിസംബോധന ചെയ്തു. ഭീകരവാദത്തോടുള്ള ഇന്ത്യയുടെ വിട്ടുവീഴ്ചയില്ലാത്ത നയം ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകം മുഴുവൻ കണ്ടു. പ്രതിരോധ മേഖലയിലെ ആത്മനിർഭരത ഇതിലൂടെ പ്രകടമായെന്നും രാഷ്ട്രപതി പറഞ്ഞു.

RNU TVPM

*****************************

## സ്വാതന്ത്ര്യദിനം-ആശംസ

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് 79-ാമത് സ്വാതന്ത്ര്യദിനത്തിൽ രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഈ ദിനം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്റെ ആഘോഷം മാത്രമല്ലെന്നും, സമര സേനാനികളുടെയും ത്യാഗത്തിന്റെയും ഓർമ്മപ്പെടുത്തലാണെന്നും ശ്രീ സിംഗ് പറഞ്ഞു. രാജ്യത്തിന്റെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ത്യാഗം ചെയ്ത സ്വാതന്ത്ര്യ സമര സേനാനികളെയും, രാജ്യത്തിന്റെ സുരക്ഷക്കായി പ്രവർത്തിക്കുന്ന ധീരരായ സൈനികരെയും സ്വാതന്ത്ര്യ ദിനത്തിൽ അനുസ്മരിക്കുന്നതായി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി

വൈഷ്ണവ്, ലോക്സഭ സ്പീക്കർ ഓം ബിർള തുടങ്ങിയ പ്രമുഖരും എല്ലാ ഇന്ത്യക്കാർക്കും സ്വാതന്ത്ര്യ ദിനാശംസകൾ നേർന്നു.

*****************************

## മുഖ്യമന്ത്രി - സ്വതന്ത്ര്യദിനം INTRO

സംസ്ഥാനത്ത് സ്വാതന്ത്ര്യദിനത്തിൻറെ ഭാഗമായി വിപുലമായ ആഘോഷപരിപാടികളാണ് നടക്കുന്നത്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി. മഹാത്മാഗാന്ധിയുടെ ദർശനങ്ങൾ മുറുകെപ്പിടിച്ചുള്ള കൂട്ടായ പോരാട്ടമാണ് ഇന്ത്യയ്ക്ക് ലഭിച്ച സ്വാതന്ത്ര്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു. രാജ്യത്തിൻറെ താഴെത്തട്ടിലുള്ള ജനതയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കണ്ടാൽ മാത്രമെ വികസനം പൂർണ്ണമാകൂ. ജനാധിപത്യമൂല്യങ്ങൾ മുറുകെപ്പിടിക്കണമെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ രാജ് ഭവനിൽ ദേശീയ പതാക ഉയർത്തി.

*****************************

## സംസ്ഥാനം - സ്വാതന്ത്ര്യദിനം

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ സ്വന്തന്ത്ര്യ ദിനാത്തോടനുബന്ധിച്ച് വിപുലമായ ആഘോഷങ്ങൾ നടന്നു. കൊല്ലം ജില്ലയിൽ മന്ത്രി വി ശിവൻകുട്ടിയും പത്തനംതിട്ടയിൽ മന്ത്രി വീണ ജോർജ്ജും ആലപ്പുഴയിൽ മന്ത്രി സജി ചെറിയാനും പതാക ഉയർത്തി. കോട്ടയം ജില്ലയിൽ മന്ത്രി ജെ ചിഞ്ചുറാണിയും ഇടുക്കിയിൽ മന്ത്രി റോഷി അഗസ്റ്റിനും എറണാകുളത്ത് മന്ത്രി പി രാജീവും സ്വന്തന്ത്ര്യ ദിന പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു.

RNU TVPM

ത്യശ്ശൂരിൽ മന്ത്രി ആർ ബിന്ദു, പാലക്കാട് ജില്ലയിൽ മന്ത്രി എം ബി രാജേഷും മലപ്പുറത്ത് മന്ത്രി കെ രാജനും സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പങ്കെടുത്ത് അഭിവാദ്യം സ്വീകരിച്ചു. കോഴിക്കോട് മന്ത്രി എ കെ ശശീന്ദ്രനും വയനാട് മന്ത്രി ഒ ആർ കേളുവും കണ്ണൂർ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രനും കാസർഗോഡ് മന്ത്രി കെ കൃഷ്ണൻകുട്ടിയും ദേശീയ പതാക ഉയർത്തി. ആകാശവാണി തിരുവനന്തപുരം നിലയം, പാങ്ങോട് മിലിട്ടറി ക്യാമ്പ് എന്നിവിടങ്ങളിലും സ്വന്തന്ത്ര്യ ദിനാഘോഷ പരിപാടികൾ നടന്നു.

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

*****************************

## കിഷ്ത്വാവർ - മേഘ വിസ്ഫോടനം

ജമ്മു കശ്മീരിലെ കിഷ്ത്വാവർ ജില്ലയിൽ ഇന്നലെ ഉണ്ടായ മേഘ വിസ്ഫോടനത്തിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു. രണ്ട് സിഐഎസ്എഫ് ജവാന്മാർ ഉൾപ്പടെ 45 പേര് മരിച്ചതായും 120 പേരെ രക്ഷപെടുത്തിയതായും ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. മച്ചൈൽ മാതാ ദേവാലയത്തിലേക്കുള്ള വാർഷിക യാത്ര താത്കാലികമായി നിർത്തിവെച്ചു. . ഇന്ത്യൻ സേന, ദേശീയ- സംസ്ഥാന ദുരന്ത നിവാരണ സംഘം, പൊലീസ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് രക്ഷാ പ്രവർത്തനം.

*****************************

RNU TVPM

## ഐ എസ് ആർ ഒ (ഇൻട്രോ)

ഇന്ത്യൻ ബഹിരാകാശ ഗവേഷണ പ്രവർത്തനങ്ങൾക്ക് സുപ്രധാന പങ്ക് വഹിച്ച ISRO യുടെ 56-ാമത് സ്ഥാപക ദിനമാണ് ഇന്ന്. ബഹിരാകാശ ഗവേഷണ പ്രസ്ഥാനത്തിന് ഇന്ത്യയിൽ അടിത്തറ പാകിയത് വിക്രം സാരാഭായിയെന്ന അതുല്യ പ്രതിഭയായിരുന്നു. **ഒരു റിപ്പോർട്ട്............**

(വോയ്സ്)

*രാജ്യത്തിന്റെ പുരോഗതിയ്ക്ക് ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വികാസം അത്യന്താപേക്ഷിതമാണ്, എന്ന കാഴ്ചപ്പാടുണ്ടായിരുന്ന പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു 1961 ൽ ബഹിരാകാശ ഗവേഷണത്തെ ആണവോർജ്ജ വിഭാഗത്തിന്റെ നിയന്ത്രണത്തിലാക്കി.1962-ൽ ആണവോർജ്ജ വകുപ്പിന്റെ തലവനായിരുന്ന ഹോമി ബാബാ ഇന്ത്യൻ നാഷണൽ കമ്മിറ്റി ഫോർ സ്പേസ് റിസർച്ച് അഥവാ INCOSPAR രൂപീകരിച്ചു. ഡോ. വിക്രം സാരാഭായിയെ ചെയർമാനുമാക്കി. തുടർന്ന്, INCOSPAR -ന് പകരമായി 1969 ഓഗസ്റ്റ് 15 നാണ് ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന ആയ ഐഎസ്ആർഒ സ്ഥാപിതമായത്. സാരാഭായി ആയിരുന്നു ഇസ്രോ യുടെ സ്ഥാപകൻ. 1972ൽ ബഹിരാകാശ വകുപ്പ് രൂപവത്കരിയ്ക്കുകയും ഇസ്രോയെ അതിനു കീഴിലേക്ക് മാറ്റുകയും ചെയ്തു. 1969 ൽ രാജ്യത്തെ മുൻ രാഷ്ട്രപതിയായിരുന്ന ഡോ എപിജെ അബ്ദുൽ കാലം ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹ വിക്ഷേപണ വാഹനത്തിന്റെ പ്രോജക്ട് ഡയറക്ടറായി. തുടർന്ന് 1980 ജൂലൈയിൽ രോഹിണി ഉപഗ്രഹത്തെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഭൂമിക്കു സമീപമുള്ള ഭ്രമണപഥത്തിൽ വിജയകരമായി വിന്യസിച്ചു.1981 ജൂൺ 19ന് വിക്ഷേപിച്ച ആദ്യ പരീക്ഷണ വാർത്താവിനിമയ ഉപഗ്രഹം ആപ്പിൾ മുതൽ ചന്ദ്രയാൻ വരെ എത്തി നിൽക്കുകയാണ് ഐഎസ്ആർഒ യുടെ വിജയ ഗാഥ.* ***ന്യൂസ് ഡസ്ക്, ആകാശവാണി***

****************************

RNU TVPM

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും കർണാടക തീരത്ത് മറ്റന്നാൾ വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

****************************

## കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിന് മുന്നോടിയായുള്ള സൗഹൃദ മത്സരം ഇന്ന് തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും. സ്റ്റേഡിയത്തിലെ നവീകരിച്ച ഫ്ലഡ് ലൈറ്റുകളുടെ ഉദ്ഘാടനത്തോട് അനുബന്ധിച്ച് രാത്രി 7.30 ന് മത്സരം ആരംഭിക്കുക. സഞ്ജു സാംസൺ നയിക്കുന്ന കെസിഎ സെക്രട്ടറി ഇലവനും സച്ചിൻ ബേബി നയിക്കുന്ന കെസിഎ പ്രസിഡന്റ് ഇലവനും തമ്മിലാണ് മത്സരം. കാണികൾക്ക് പ്രവേശനം സൗജന്യമാണ്.

RNU TVPM

****************************

## നെഹ്റു ട്രോഫി

ആഗസ്റ്റ് 30ന് നടക്കുന്ന 71-മത് നെഹ്റു ട്രോഫി വള്ളംകളിക്ക് കേന്ദ്ര ടൂറിസം മന്ത്രാലയം 50 ലക്ഷം രൂപ ധനസഹായം നൽകാൻ ഉത്തരവിട്ടു. വള്ളംകളി ഓൺലൈൻ ടിക്കറ്റ് വിൽപ്പന ഇന്നലെ മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു. ടിക്കറ്റുകൾ ഇന്ന് മുതൽ ലഭ്യമാകും. നെഹ്റു ട്രോഫിബോട്ട് റേസ് സൊസൈറ്റിയുടെ ഓദ്യോഗിക വെബ്സൈറ്റിലൂടെയാണ് ടിക്കറ്റ് വിൽപ്പന.

****************************

## ഹജ്ജ് - നറുക്കെടുപ്പ്

ഈ വർഷത്തെ ഹജ്ജ് യാത്രക്ക് അർഹരായവരെ തിരഞ്ഞടുക്കുന്നതിനുള്ള നറുക്കെടുപ്പ് മുംബൈയിലെ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ നടന്നു. കേരളത്തിൽ നിന്ന് 8,530 പേർക്ക് അവസരമുണ്ട്. 65 വയസ്സോ അതിന് മുകളിലോ പ്രായമായവരുടെ വിഭാഗത്തിൽ അപേക്ഷ സമർപ്പിച്ച എല്ലാവരെയും തിരഞ്ഞെടുത്തു.

*****************************

## ട്രംപ് - പുടിൻ

യുഎസ് പ്രസിഡൻ്റ് ഡൊണാൾഡ് ട്രംപും റഷ്യൻ പ്രസിഡൻ്റ് വ്ളാഡിമിർ പുടിനുമായുള്ള കൂടിക്കാഴ്ച ഇന്ന് നടക്കും. അലാസ്കയിലെ ആങ്കറേജിലുള്ള യുഎസ് സംയുക്ത സൈനിക താവളത്തിൽ വച്ചാണ് യോഗം നടക്കുക.

RNUTVPM